# INDIAN SCHOOL DARSAIT
# TERM II - MARCH,2018
# YEARLY EXAMINATION
# MALAYALAM

Class:IV Max.Marks:50

Date: 04-03-2018 Time:2 hr

Name: ………………………….. Roll No: ………

General Instructions

1. All the questions are compulsory
2. Answer all questions in a separate paper

Q.I താഴെ കൊടുത്തിരിക്കുന്ന കഥ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. 5 X 1 = 5

ഒരിക്കൽ കാട്ടിലെ രാജാവായ സിംഹത്തിന് ഒരു രോഗം വന്നു. അദ്ദേഹം വൈദ്യനായ കുറുക്കനെ വിളിച്ചു വരുത്തി. എന്നിട്ട് പറഞ്ഞു:

'നമുക്ക് എപ്പോഴും ദേഷ്യം വരും .ദേഷ്യം വരുമ്പോൾ വല്ലതും പറയും. പിന്നെ അതോർത്ത് ദുഃഖിക്കും. ഈ രോഗം മാറ്റാൻ എന്താണൊരു മരുന്ന്? "കുറുക്കൻ പറഞ്ഞു: "തിരുമേനി, ഇതിന് മരുന്നൊന്നും എൻെറ കൈ വശമില്ല. പക്ഷേ ഒരു മന്ത്രമുണ്ട് അത് ചൊല്ലിയാൽ മതി."

സിംഹം: "എന്താടോ ആ മന്ത്രം? "കുറുക്കൻ: "ഒന്നു മുതൽ പത്തു വരെ എണ്ണുക."ഇതു കേട്ടപ്പോൾ രാജാവിന് ദേഷ്യം വന്നു.

"ആരവിടെ ഇവനെ ഉടനെ കൊണ്ടുപോയി തൂക്കിക്കൊല്ലൂ!" എന്നിങ്ങനെ കല്പിക്കാനാണ് വായിൽ തോന്നിയത്. പക്ഷേ വൈദ്യനായ കുറുക്കനെ കൊന്നാൽ പിന്നീട് വിഷമിക്കേണ്ടിവരും. അതിനാൽ സിംഹം കുറുക്കൻ പറഞ്ഞതു പോലെ പത്തുവരെ മനസ്സിൽ എണ്ണി. കോപം ഇല്ലാതായി. പിന്നെ ദേഷ്യം വരുമ്പോഴെല്ലാം സിംഹം പത്തുവരെ എണ്ണുന്നതു പതിവാക്കി. ദേഷ്യം വരുമ്പോൾ പ്രജകളും തന്നെപ്പോലെ പത്തുവരെ എണ്ണണമെന്ന് രാജാവ് ഉത്തരവിട്ടു.

1. കാട്ടിലെ വൈദ്യൻ ആരായിരുന്നു?
2. ആർക്കാണ് എപ്പോഴും ദേഷ്യം വരുന്നത്?
3. കുറുക്കൻ രാജാവിനു പറഞ്ഞു കൊടുത്ത മന്ത്രം എന്തായിരുന്നു?

4. ദേഷ്യം വരുമ്പോൾ സിംഹം എന്താണ് ചെയ്യുന്നത്?

5. രാജാവിന്റെ ഉത്തരവ് എന്തായിരുന്നു?

Q. II ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക. ½x4=2

a. മലയാള മാസങ്ങളിലെ ആദ്യമാസം ഏതാണ്?
(കന്നി, കർക്കിടകം, ചിങ്ങം)

b. ഏറ്റവും വലിയ പുസ്തകം ഏതാണ്?
(പ്രകൃതി, പാഠപുസ്തകം, ബീർബൽ കഥകൾ)

c. ഏറ്റവും വൃത്തിയും വെടിപ്പുമുള്ള പക്ഷിയേത്?
(തത്ത, കാക്ക, കുയിൽ)

d. വിവേകാനന്ദസ്വാമികളുടെ ഗുരു ആരായിരുന്നു?
(ശ്രീരാമകൃഷ്ണപരമഹംസർ, അക്ബർ, ഖലീൽ ജിബ്രാൻ)

Q.III അർത്ഥം എഴുതുക. ½x4=2

a. അമിതം
b. ഗോത്രം
c. നിത്യം
d. അവഗണിക്കുക

Q.IV വിപരീതം എഴുതുക ½x4=2

a. സാധാരണം
b. സംശയം
c. വിശ്വാസം
d. അശ്രദ്ധ

Q.V പിരിച്ചെഴുതുക. ½x4=2

a. അമിതമായി
b. നടുക്കൊരു
c. നടപ്പാത
d. വളരെയധികം

Q.VI പര്യായം എഴുതുക. 1x2=2

a. വീട്

b. ചിരി

Q.VII ചേർത്തെഴുതുക. ½x4=2

a. കരി+ഇല

b. ഞെട്ടി+പോയി

c. റോഡിൽ+അല്ല

d. അമ്മ+ഓട്

Q.VIII വാക്യത്തിൽ പ്രയോഗിക്കുക 1x2=2

a. കാതുകൂർപ്പിക്കുക

b. നിത്യജീവിതം

Q.IX പൂരിപ്പിക്കുക ½x4=2

a. .................. തോറ്റതിന് അമ്മയോടോ?

b. അടിതെറ്റിയാൽ ...............വീഴും

c. ....................കുളിച്ചാൽ കൊക്കാകുമോ?

d. വെളുക്കാൻ തേച്ചത്...............................

Q.X ഉചിതമായ രൂപം ചേർത്ത് വാക്യം പൂരിപ്പിക്കുക 1x2=2

a. ഞാൻ ഇന്നലെ ഒരു സിനിമ ............... (കാണൂം, കണ്ടു)

b. അടുത്തമാസം ഞങ്ങളുടെ പരീക്ഷ ............... (തുടങ്ങും. തുടങ്ങി)

Q.X! ഉചിതമായ വചനം ചേർത്ത് പൂരിപ്പിക്കുക. ½x4=2

a. എന്റെ വീട്ടിൽ ധാരാളം ..................................... ഉണ്ട് (പൂച്ചകൾ, പൂച്ച)

b. ആകാശം നിറയെ ................... കാണാം (നക്ഷത്രത്തെ, നക്ഷത്രങ്ങളെ)

c. അച്ഛൻ ഇന്നലെ ഒരു ..........................വാങ്ങിത്തന്നു
(പാവയെ , പാവകളെ)

d. ഇന്നലെ ഞാൻ ഒരു ........... കണ്ടു (സ്വപ്നം, സ്വപ്നങ്ങൾ)

Q.XII നാമവും ക്രിയയും പട്ടിക തിരിച്ച് എടുത്തെഴുതുക. ½x8=4

a. പഠിച്ചു c.വീണ
b. രാജു d.പാടി
e. കണ്ടു f. എഴുതി
g. ദേവത h. സീത

Q.XIII അടിയിൽ വരയിട്ടിരിക്കുന്ന പദത്തിന്റെ എതിർലിംഗം എഴുതുക. ½x4=2

a. ഞാൻ എന്റെ ടീച്ചറിന്റെ പ്രിയപ്പെട്ട ശിഷ്യ ആണ്.
b. ആ ബാലൻ നന്നായി പാടും.
c. അവിടെ പണ്ഡിതന്മാരുടെ യോഗം നടക്കുകയാണ്.
d. എല്ലാ കാലത്തും മഹതികൾ ജീവിച്ചിരുന്നിട്ടുണ്ട്.

Q.XIV ശരിയായ വാക്ക് എടുത്തെഴുതുക. ½x4=2

a. അതികം/ അധികം
b. അഫിലാഷം/ അഭിലാഷം
c. മാതാവ് / മാദാവ്
d. കോപിഷ്ട / കോപിഷ്ഠ

Q.XV പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക.(ആദ്യത്തെ 6 വരി) ½x6=3

കൂരിരുട്ടിന്റെ ............................................................ മെന്നറിവോൾ

Q.XVI ഒരു ഖണ്ഡിക എഴുതുക. 1x5=5

അച്ചടക്കം

Q.XVII ഉത്തരമെഴുതുക. 3x3=9

a. എന്തുകൊണ്ടാണ് അമ്മയോടും മകനോടും അടുത്തയാഴ്ച വരാൻ ശ്രീരാമകൃഷ്ണൻ പറഞ്ഞത്?
b. അമ്മയും മകനും വീട്ടിൽ തനിച്ചാകാൻ കാരണമെന്ത്?
c. റോഡ് മുറിച്ചു കടക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം?